LIBRARY ARCHIVES Kerala Legislative Assembly

പീഡനംമൂലം കൊല്ലപ്പെട്ട ആനകളും ആനകളുടെ ആക്രമണംമൂലം ജീവൻ നഷ്ടപ്പെട്ട പാപ്പാൻമാരും

137 [2109] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മേയ് 31 വരെയുള്ള ഒരു വർഷത്തിനുള്ളിൽ പീഡനംമൂലം എത്ര ആനകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ആനപാപ്പാൻമാർക്ക് ആനയുടെ ആക്രമണംമൂലം ജീവൻ നഷ്ട മായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ആനകളെക്കൊണ്ട് കഠിനമായി ജോലി ചെയ്യിപ്പിക്കുകയും അവയെ ക്രൂരമായി പീഡിപ്പിക്കുകയും ചെയ്യുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീക രിക്കുന്നതിനാണ് നിയമം അനുശാസിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതനുസരിച്ച് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004 മെയ് 31 വരെ ലഭ്യമായിട്ടുള്ള കണക്ക് അനുസരിച്ച് ഒരു വർഷത്തിനുള്ളിൽ പീഡനംമൂലം ഒരു കൊമ്പനാന കൊല്ലപ്പെട്ടിട്ടുണ്ട്

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ആനകളെക്കൊണ്ട് കഠിനമായി പണി എടുപ്പിക്കുന്നവർക്കെതിരെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട്, 1972 പ്രകാരവും കേരളാ കാപ്റ്റിവ് എലിഫന്റ്സ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) റൂൾസ് 2003 പ്രകാരവും പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടുവേഴ്സ് അനിമൽസ് ആക്ട് പ്രകാരവും നടപടി എടുക്കാവുന്നതാണ്.

(ഡി) അഞ്ച് കേസുകൾ.

ചന്ദന മാഫിയകളുടെ പ്രവർത്തനം അമർച്ച ചെയ്യാൻ നടപടി

138 [2110] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദനമാഫിയകളുടെ പ്രവർത്തനം അമർച്ച ചെയ്യുന്നതിന് വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വനം വകുപ്പിലെ ഉദ്യോഗസ്ഥരും മാഫിയയും തമ്മിൽ എന്തെങ്കിലും ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ:

(സി) വനം വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനും ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണെടുത്തിട്ടുള്ളത്?

ഉത്തരം

(എ) ചന്ദന മരങ്ങൾ ലഭ്യമായ വനപ്രദേശങ്ങളിൽ വനപാലകരെ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയമിച്ചിട്ടുണ്ട്. കൂടാതെ പട്രോളിംഗ് ശക്തമാക്കിയതിനുശേഷം പുറമേ ജനപങ്കാളിത്തത്തോടെയുള്ള വനസംരക്ഷണ സമിതികളുടെ സേവനവും ഉപയോഗിച്ചുവരുന്നു. മറയൂരിലെ ചന്ദനകള്ളക്കടത്തുകാരുടെ പ്രവർത്തനം തടയുന്നതിനും കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനുമായി 24 മണിക്കൂറും പ്രവർത്തന നിരതരായ ഉദ്യോഗസ്ഥരേയും ദിവസ വേതനക്കാരായ മസ്ദൂർ വാച്ചർമാരേയും നിയമിച്ചിട്ടുണ്ട്. മർമ്മ പ്രധാനമായ സ്ഥലങ്ങളിൽ താൽക്കാലിക ഷെഡ്ഡുകൾ സ്ഥാപിക്കുകയും മുഴുവൻ സമയ പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. പോലീസ്സേനകൂടി ഉൾപ്പെടുന്ന ദ്രുതകർമ്മ സേനയുടെ സഹായത്തോടെയുള്ള രാത്രികാല പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. മറയൂരിലെ വിവിധ ചന്ദന റിസർവുകളിൽ ഉണങ്ങിയതും വീണുകിടക്കുന്നതുമായ ചന്ദന മരങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിജിലൻസ് വിഭാഗവും ടെറിട്ടോറിയൽ വിഭാഗവും സംയുക്തമായും പ്രത്യേകമായും റെയിഡുകൾ നടത്തുകയും അനധികൃതമായി സൂക്ഷിക്കുന്ന ചന്ദന സാമഗ്രികൾ പിടിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ഇടയ്ക്കിടെ റെയിഡുകൾ നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കണ്ടെത്തിയിട്ടില്ല.

(സി) ഉണ്ട്. ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുക, ട്രൈബൽ ഗാർഡുമാരെ നിയമിക്കുക, വനസംരക്ഷണ സമിതികൾ രൂപീകരിച്ച് സംരക്ഷണത്തിന് പൊതുജന പങ്കാളിത്തം നടപ്പിലാക്കുക, വയർലെസ് കമ്മ്യൂണിക്കേഷൻ നടപ്പിലാക്കുക എന്നിവയാണ് പ്രധാനമായും സ്വീകരിച്ചിട്ടുള്ള നടപടികൾ. സ്ഥിരം കുറ്റവാളികളെ കണ്ടെത്തുന്നതിന് രഹസ്യമിഷന്റെ പ്രവർത്തനംമൂലം കഴിഞ്ഞിട്ടുണ്ട്. ചന്ദനക്കൊള്ളകളെ കുറിച്ച് ലഭിക്കാറുള്ള പരാതികൾ പരിശോധിക്കാനായി പ്രത്യേക സ്കാഡിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ദ്രുതകർമ്മ സേനയെ ചന്ദനകള്ളക്കടത്തു തടയുന്നതിനായി മൂന്നാർ ഡിവിഷനിലേക്ക് വിന്യസിച്ചിട്ടുണ്ട്.

ഒലവക്കോട് ഫോറസ്റ്റ് റേഞ്ച് സ്ട്രോഗ് റൂം കവർച്ച

139 [2111] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒലവക്കോട് ഫോറസ്റ്റ് റേഞ്ച് സ്ട്രോഗ് റൂം കവർച്ചയുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ കേസ്സുമായി ബന്ധപ്പെട്ട് എത്ര പ്രതികളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly